Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**Press Release**

## Industries Dept, IIMK ink MoU to study diversification of plantations

**Thiruvananthapuram, Oct. 13:** The Department of Industries and Commerce (DIC) has signed an MoU with the Indian Institute of Management Kozhikode (IIMK) for conduct of a comprehensive study on diversification and optimisation of revenue from plantations in Kerala as part of various plans envisaged in the wake of formation of the Plantation Directorate under the DIC.

The MoU in this regard was inked in the presence of Minister for Law, Industries and Coir Shri P. Rajeeve at his Chamber by Plantations Special Officer and Director, DIC, Shri S Harikishore and IIMK Mentor Professor Shri Anandakuttan, here on Thursday (October 12).

Additional Chief Secretary, Local Self Government Department, Smt Sarada Muraleedharan; Principal Secretaries (Industries) Shri A.P. M. Mohammad Haneesh and Shri Suman Billa were also present.

Speaking on the occasion, the Minister said the agreement with IIMK was part of a set of upfront initiatives under way to enhance revenue from plantations and build 'Kerala Plantation' as a global brand for marketing and value-addition of a wide range of plantation crops.

The government is also looking into the possibility of raising the land ceiling on plantations when they are used for taking up activities on industrial lines by following due legal procedures to enhance revenue from them.

Other initiatives under way include promotion of cultivation of commercially-viable fruits and supplementary crops, value-addition of produce, introduction of new technology and machinery and leveraging plantations for a range of farm-related activities based on due procedures.

Noting that IIMK is glad to collaborate with the government, IIMK Director Prof Debashis Chatterjee said IIMK's approach will be based on authentic research, sustainable systems and comprehensive revamp in the diversification of plantation sector, which is critical in the state's economy and commerce.

Earlier, the government had sanctioned fund for conduct of a comprehensive study on the diversification and revamp of plantation sector by taking on board a competent agency. Following this, tenders were invited and an expert technical committee appointed by the government selected IIMK after evaluating its bid.

Kerala Planters Association Secretary Shri Ajithkumar; IIMK Faculty Prof S Venkittaraman; Executive Director Prof Asuthosh Sarkar; Plantation Directorate Additional Director Dr K S Kripakumar and other senior officials attended the function.

**Ends**

KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**പത്രക്കുറിപ്പ്** **13.10.2023**

## തോട്ടങ്ങളുടെ വൈവിധ്യവൽക്കരണം; ഐ.ഐ.എം കോഴിക്കോടുമായി വ്യവസായ വാണിജ്യ വകുപ്പ് ധാരണാപത്രം ഒപ്പുവച്ചു

### തോട്ടം മേഖലയിൽ ഉപയോഗിക്കാവുന്ന ഭൂപരിധി ഉയർത്തുന്നത് ആലോചിക്കും: മന്ത്രി പി. രാജീവ്

**തിരുവനന്തപുരം:** കേരളത്തിലെ തോട്ടങ്ങളുടെ വൈവിധ്യവൽക്കരണത്തെയും നവീകരണത്തെയും കുറിച്ച് പഠനം നടത്തുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റുമായി (ഐ.ഐ.എം കോഴിക്കോട്) സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ധാരണാപത്രം ഒപ്പുവച്ചു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി.രാജീവിന്റെ ചേംബറിൽ നടന്ന ചടങ്ങിൽ പ്ലാന്റേഷൻസ് സ്പെഷ്യൽ ഓഫീസർ എസ്. ഹരികിഷോറും കോഴിക്കോട് ഐ.ഐ.എമ്മിലെ മെന്റർ പ്രൊഫ. ആനന്ദകുട്ടനുമാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്.

ഒരു വ്യവസായമെന്ന രൂപത്തിൽ തോട്ടം മേഖലയിൽ ഉപയോഗിക്കാവുന്ന ഭൂപരിധി ഉയർത്തുന്നതിനുള്ള നിയമപരമായ സാധ്യതകൾ ആലോചിക്കുമെന്ന് മന്ത്രി പറഞ്ഞു. കൂടുതൽ വാണിജ്യപ്രാധാന്യമുള്ള ഫലവൃക്ഷങ്ങൾ ഇടവിളയായി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവിൽ കേരളത്തിലെ തോട്ടങ്ങളുടെ വൈവിധ്യവൽക്കരണത്തെയും നവീകരണത്തെയും കുറിച്ച് പഠനം നടത്തുന്നതിനായി തുക വകയിരുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ടെണ്ടർ ക്ഷണിക്കുകയും സർക്കാർ നിയോഗിച്ച സാങ്കേതിക-വിദഗ്ധ സമിതി മൂല്യനിർണയം നടത്തി കോഴിക്കോട് ഐഐഎമ്മിനെ പഠനം നടത്തുന്നതിനായി തെരഞ്ഞെടുക്കുകയും ചെയ്തത്. ആഗോളതലത്തിൽ കേരള പ്ലാന്റേഷൻസ് എന്ന ബ്രാൻഡ് ഉയർത്തിക്കൊണ്ടു വരുന്ന പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഈ പഠനം.

ചടങ്ങിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷ് ആമുഖപ്രഭാഷണം നടത്തി. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല, കേരള പ്ലാന്റേഴ്സ് അസോസിയേഷൻ സെക്രട്ടറി അജിത്കുമാർ, കോഴിക്കോട് ഐഐഎമ്മിലെ പ്രൊഫ. എസ്. വെങ്കട്ടരാമൻ, എക്സിക്യൂട്ടീവ് ഡയറക്ടർ പ്രൊഫ. അശുതോഷ് സർക്കാർ,

KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

പ്ലാന്റേഷൻ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ ഡോ. കെ.എസ് കൃപകുമാർ എന്നിവരും മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും സംബന്ധിച്ചു.

അതീവശ്രദ്ധ ചെലുത്തേണ്ട നിർണായക മേഖലകൾ സംസ്ഥാന സർക്കാർ തിരിച്ചറിയുന്നുണ്ടെന്നും ഈ സംരംഭവുമായി സഹകരിക്കുന്നതിൽ സന്തോഷമുണ്ടെന്നും ഐഐഎം കോഴിക്കോട് ഡയറക്ടർ പ്രൊഫ.ദേബാശിഷ് ചാറ്റർജി പറഞ്ഞു. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെയും വാണിജ്യത്തിന്റെയും സുപ്രധാന ഘടകമാണ് തോട്ടം മേഖല. അതിന്റെ വൈവിധ്യവത്കരണത്തിനായി ആധികാരികമായ ഗവേഷണം, സുസ്ഥിരമായ സമ്പ്രദായങ്ങൾ, സമഗ്രമായ നവീകരണം എന്നിവ മുൻനിർത്തിയുള്ള സമീപനമായിരിക്കും ഐഐഎം സ്വീകരിക്കുകയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വ്യവസായ വകുപ്പിന്റെ കീഴിൽ രൂപീകരിച്ച പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ തോട്ടം മേഖലയുടെ വ്യാവസായിക സാധ്യത മുന്നിൽക്കണ്ട് നിരവധി പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. തോട്ടങ്ങളിൽ നിയമവിധേയമായി ഇടവിള കൃഷി ചെയ്യാനും മൂല്യവർധിത ഉത്പന്ന സംരംഭങ്ങൾ ആരംഭിക്കാനും ആധുനിക യന്ത്രസംവിധാനങ്ങളും സാങ്കേതികവിദ്യയും പ്രയോജനപ്പെടുത്താനുമാണ് ഉദ്ദേശിക്കുന്നത്. മറ്റ് അനുബന്ധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന തരത്തിൽ തോട്ടം ഭൂമിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള നടപടികളും പ്ലാന്റേഷൻ ഡയറക്ടറേറ്റ് സ്വീകരിക്കുന്നുണ്ട്.